**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 623** **05-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ഉപഭോക്താവ് മുൻകൂർ പണം നൽകുന്ന സ്മാർട്ട് മീറ്റർ സമ്പ്രദായം നടപ്പാക്കണമെന്ന് കേന്ദ്രം സംസ്ഥാനത്തോട് നിർദ്ദേശിക്കുകയുണ്ടായോ; വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ 19.08.2021-ൽ പ്രസിദ്ധീകരിച്ച ഗസറ്റ് പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ മുൻകൂർ പണം നൽകുന്ന പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രീപെയ്ഡ് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിലൂടെ പണം മുൻകൂറായി ലഭിക്കുമെന്നതും ഓഫീസിലിരുന്ന് ഉപഭോഗം അറിയാനും വൈദ്യുതി വിച്ഛേദിക്കാനും കഴിയുമെന്നതും മീറ്റർ റീഡിങിനും മറ്റുമായി ചെലവാകുന്ന തുക ലാഭിക്കാമെന്നതും ഇലക്ട്രിസിറ്റി ബോർഡിന് ഗുണകരമാകുമോ; വ്യക്തമാക്കാമോ ; | (ബി) | മീറ്റർ റീഡിംഗ് ഓൺലൈൻ ആയി ലഭിക്കുന്നതിനാൽ നേരിട്ട് പോയി മീറ്ററിൽ നിന്നും റീഡിംഗ് എടുക്കേണ്ട ആവശ്യകത ഒഴിവാകുന്നു. ഇപ്പോൾ മാസത്തിൽ ഒരിക്കലോ രണ്ടു മാസത്തിൽ ഒരിക്കലോ റീഡിംഗ് എടുക്കുന്ന ഉപഭോക്താക്കളുടെ ബിൽ തുക വൈദ്യുതി ഉപഭോഗത്തിനു ശേഷം ഏകദേശം മൂന്നു മാസത്തിനുള്ളിലാണ് കെ.എസ്.ഇ.ബി.എൽ-നു ലഭിക്കുന്നത്. പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടു കൂടി കെ.എസ്.ഇ.ബി.എൽ-നു ഭാവിയിൽ ഭീമമായ കുടിശ്ശിക കുമിഞ്ഞു കൂടുന്നത് ഒഴിവാക്കാൻ സാധിക്കും. കൂടാതെ വൈദ്യുതിയുടെ ആവശ്യകത മുൻകൂർ ആയി ആസൂത്രണം ചെയ്യാൻ സാധിക്കുന്നതാണ്. അതിനാൽ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി.എൽ-നു ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | വൻ മുതൽമുടക്കുള്ള പ്രീ പെയ്ഡ് മീറ്ററുകൾ സ്ഥാപിക്കുന്നതിലൂടെ നേട്ടമുണ്ടാക്കുന്ന കെ.എസ്.ഇ.ബി. യാണ് മീറ്റർ സ്ഥാപിക്കുന്നതിനുള്ള ചെലവ് വഹിക്കേണ്ടതെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ? | (സി) | വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയായ RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം)-ൽ എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഊർജ്ജ വകുപ്പ് 20.07.2021-ൽ പ്രസ്തുത പദ്ധതി നോട്ടിഫൈ ചെയ്തിട്ടുള്ളതാകുന്നു. മീറ്റർ വിലയുടെ 15 ശതമാനം (അഥവാ പരമാവധി മീറ്ററിന് 900 രൂപ വരെ) കേന്ദ്ര |

| | | | |
|---|---|---|---|
| | | | വിഹിതമായി RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) പദ്ധതി പ്രകാരം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ